CITY OF Armadale

# ഫയർബ്രേക്കും ആപത്ത് കുറയ്ക്കലും അറിയിപ്പും (Firebreak and Hazard Reduction Notice) കാട്ടുതീ സംബന്ധിച്ച വിവരവും

2025-2026




പ്രധാന തീയതികൾ

കത്തിക്കുന്നതും പാചകവും

തീപിടുത്ത അപായ റേറ്റിംഗുകളും നിരോധനങ്ങളും

ഫയർ സീസണിനായി തയ്യാറെടുക്കൽ

ഫയർബ്രേക്ക് നോട്ടീസ് 2025/2026

## നിയന്ത്രിത കത്തിക്കൽ സമയങ്ങൾ

**2025 ഒക്ടോബർ 1 മുതൽ 2025 നവംബർ 30 വരെ**

**2026 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ**

- കത്തിക്കാൻ അനുമതി ആവശ്യമാണ് - വിശദാംശങ്ങൾ പേജ് 4-ൽ

## ഫയർബ്രേക്ക് നോട്ടീസ് ആവശ്യകതകൾക്കുള്ള അന്തിമകാലാവധി

**2025 ഒക്ടോബർ 1 മുതൽ 2026 മാർച്ച് 31 വരെ**

- ഫയർബ്രേക്ക് മാറ്റുന്നതിനുള്ള അപേക്ഷ 2025 ഒക്ടോബർ 1-ന് നല്കണം
- ഫയർബ്രേക്കുകൾ 2025 നവംബർ 30-നോ അതിനുമുമ്പോ ഇൻസ്റ്റാൾ ചെയ്തിരിക്കണം.
- ഫയർബ്രേക്കുകൾ 2026 മാർച്ച് 31 വരെയും അന്നും നിലനിർത്തണം

## നിരോധിച്ചിട്ടുള്ള കത്തിക്കൽ സമയം

**2025 ഡിസംബർ 1 മുതൽ 2026 മാർച്ച് 31 വരെ**

- ഒരു സമയത്തും കത്തിക്കൽ അനുവദിച്ചിട്ടില്ല
- ഖര ഇന്ധന ബാർബിക്യൂകൾ, പിസ്സ അവനുകൾ, സ്മോക്കേഴ്സ് എന്നിവ അനുവദനീയമല്ല - വിശദാംശങ്ങൾ പേജ് 5-ൽ

## നിയന്ത്രണമില്ലാത്ത കത്തിക്കൽ സമയം

**2026 ജൂൺ 1 മുതൽ 2026 സെപ്റ്റംബർ 30 വരെ**

- കത്തിക്കൽ അനുവദനീയമാണ്, കത്തിക്കാനുള്ള അനുമതി ആവശ്യമില്ല

### ദയവായി ശ്രദ്ധിക്കുക:

- സീസണലായ കാലാവസ്ഥ സാഹചര്യങ്ങൾ കാരണം ഈ തീയതികൾ പെട്ടെന്നുള്ള അറിയിപ്പോടുകൂടി മാറിയേക്കാം. തീപിടുത്ത നിയന്ത്രണങ്ങളിലെ ഏതെങ്കിലും മാറ്റങ്ങളെക്കുറിച്ചുള്ള അപ്ഡേറ്റുകൾക്ക്, സിറ്റി വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ റേഞ്ചർ സർവീസസുമായി ബന്ധപ്പെടുക
- തീപിടുത്ത അപായ റേറ്റിംഗ് (Fire Danger Rating) ഉയർന്നതോ അതിനു മുകളിലോ ആയിരിക്കുമ്പോൾ അല്ലെങ്കിൽ ഒരു സമ്പൂർണ്ണ തീ നിരോധനം (Total Fire Ban) പ്രഖ്യാപിച്ചിരിക്കുന്ന ഞായറാഴ്ചകളിൽ കൂടാതെ/അല്ലെങ്കിൽ പൊതു അവധി ദിവസങ്ങളിൽ കത്തിക്കൽ നിരോധിച്ചിരിക്കുന്നു
- 1,200 ചതുരശ്ര മീറ്ററിൽ താഴെയുള്ള വസ്തുക്കളിൽ കത്തിക്കൽ അനുവദനീയമല്ല
- തീപിടുത്ത, കത്തിക്കൽ ചട്ടങ്ങൾക്ക് പുറത്ത് തീപിടിപ്പിക്കൽ നടത്തിയാലും $250 മുതൽ $5,000 വരെയുള്ള പരിഷ്കരിച്ച പിഴകൾ നിലവിലുണ്ട്






## പൂന്തോട്ട അവശിഷ്ടങ്ങളുടെ കത്തിക്കൽ

നിയന്ത്രിത കത്തിക്കൽ സമയത്ത്, താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചാൽ, അനുമതിയില്ലാതെ തന്നെ പൂന്തോട്ട അവശിഷ്ടങ്ങളുടെ ചെറിയ കൂനകൾ കത്തിക്കാൻ നിങ്ങൾക്ക് കഴിയും:

- വൈകുന്നേരം 6.00-നും രാത്രി 11.00-നും ഇടയിൽ മാത്രമേ തീ കത്തിക്കാവൂ, അർദ്ധരാത്രിയോടെ പൂർണ്ണമായും കെടുത്തുകയും വേണം
- 1,200 ചതുരശ്ര മീറ്ററിൽ താഴെയുള്ള വസ്തുക്കളിൽ മാത്രമേ കത്തിക്കൽ അനുവദിച്ചിട്ടുള്ളൂ
- ഞായറാഴ്ച, പൊതു അവധി ദിവസം അല്ലെങ്കിൽ തീപിടുത്ത അപായ റേറ്റിംഗ് ഉയർന്നതോ അതിനു മുകളിലോ ആയിരിക്കുമ്പോൾ അല്ലെങ്കിൽ ഒരു സമ്പൂർണ്ണ തീ നിരോധനം പ്രഖ്യാപിച്ചിരിക്കുന്ന സമയങ്ങളിൽ കത്തിക്കൽ നടത്തുവാൻ പാടില്ല
- വെള്ളമോ മണ്ണോ ഉപയോഗിച്ച് തീ പൂർണ്ണമായും കെടുത്തുന്നതു വരെ കുറഞ്ഞത് ഒരാളെങ്കിലും തീയുടെ അടുത്ത് നിൽക്കണം
- തീ ആളിപ്പടരുന്ന സമയത്ത്, തീയുടെ അഞ്ച് (5) മീറ്ററിനുള്ളിൽ തീപിടിക്കുന്ന ഒരു വസ്തുവും ഉണ്ടാകരുത്
- കൂന 1 ക്യൂബിക് മീറ്ററിൽ (1 മീ x 1 മീ x 1 മീ) കൂടുതലാകരുത്
- ഏത് സമയത്തായാലും ഒരു കൂന മാത്രമേ കത്തിക്കാവൂ
- തീ കെടുത്താൻ എല്ലായ്പ്പോഴും ഒരു ഗാർഡൻ ഹോസ്, നാപ്സാക്ക് സ്പ്രേ അല്ലെങ്കിൽ ഫയർ യൂണിറ്റ് പോലുള്ള ഒരു മാർഗം ലഭ്യമായിരിക്കണം
- കത്തിക്കാൻ നിങ്ങൾ ഉദ്ദേശിക്കുന്നതായി അയൽക്കാരെ അറിയിക്കണം
- നിങ്ങളുടെ കത്തിക്കൽ (08) 9395 9209 എന്ന നമ്പറിൽ DFES കമ്മ്യൂണിക്കേഷൻ സെന്ററിൽ രജിസ്റ്റർ ചെയ്യുക
- *2002-ലെ സിറ്റി ഓഫ് ആർമഡേൽ പരിസ്ഥിതി, മൃഗങ്ങളും ശല്യവും പ്രാദേശിക നിയമങ്ങളിൽ (City of Armadale Environment, Animals and Nuisance Local Laws 2002)* പറഞ്ഞിരിക്കുന്ന കത്തിക്കൽ നിയന്ത്രണങ്ങൾ പാലിക്കപ്പെടുന്നു



## കത്തിക്കാനുള്ള അനുമതി

ഒരു ക്യുബിക് മീറ്ററിൽ കൂടുതൽ വലിപ്പമുള്ള മരങ്ങൾ, കുറ്റിക്കാടുകൾ അല്ലെങ്കിൽ പൂന്തോട്ട അവശിഷ്ടക്കൂനകൾ കത്തിക്കുന്ന നിയന്ത്രിത കത്തിക്കൽ സമയത്ത് (Restricted Burning Time) അല്ലെങ്കിൽ വൈകുന്നേരം 6.00 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയപരിധിക്ക് പുറത്ത് കത്തിക്കാൻ നിങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ കത്തിക്കാനുള്ള അനുമതി (Permit to Burn) ആവശ്യമാണ്.

പെർമിറ്റുകൾ സൗജന്യമാണ്, അത് തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 3.00 മുതൽ 4.00 വരെ സിറ്റി അഡ്മിനിസ്ട്രേഷൻ ഓഫീസിൽ നിന്ന് കരസ്ഥമാക്കാനാവും. പകരമായി, നിങ്ങൾക്ക് സിറ്റിയുടെ വെബ്സൈറ്റിൽ നിന്നുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് ഉദ്ദേശിക്കുന്ന കത്തിക്കൽ സമയത്തിന് കുറഞ്ഞത് മൂന്ന് (3) പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പെങ്കിലും സിറ്റിക്ക് ഇമെയിൽ വഴി സമർപ്പിക്കാം.

## കത്തിക്കുന്നത് <u>നിരോധിച്ചിരിക്കുന്നത്</u> എപ്പോഴെല്ലാമാണ്

- ❌ നിരോധിച്ചിരിക്കുന്ന കത്തിക്കൽ സമയത്ത് - 2025 ഡിസംബർ 1 മുതൽ 2026 മാർച്ച് 31 വരെ*
- ❌ ഞായറാഴ്ചകളിലോ പൊതു അവധി ദിവസങ്ങളിലോ
- ❌ 1,200 ചതുരശ്ര മീറ്ററിൽ താഴെയുള്ള വസ്തുക്കളിൽ
- ❌ തീപിടുത്ത അപായ റേറ്റിംഗ് ഉയർന്നതോ അതിനു മുകളിലോ ആയിരിക്കുമ്പോൾ, അല്ലെങ്കിൽ സമ്പൂർണ തീ നിരോധനമോ വിളവെടുപ്പും വാഹന ഗതാഗത നിരോധനവും പ്രഖ്യാപിച്ചിരിക്കുമ്പോൾ
- ❌ പ്ലാസ്റ്റിക്, റബ്ബർ, പച്ചക്കറിത്തോട്ട മാലിന്യങ്ങൾ അല്ലെങ്കിൽ നനഞ്ഞ വസ്തു ഉൾപ്പെടെയുള്ള വസ്തുക്കൾ പുക ശല്യമുണ്ടാക്കാൻ സാധ്യതയുണ്ടെങ്കിൽ

**സീസണലായ കാലാവസ്ഥ സാഹചര്യങ്ങൾ കാരണം ഈ തീയതികൾ പെട്ടെന്നുള്ള അറിയിപ്പിനുള്ളിൽ മാറിയേക്കാം.*



കത്തിക്കുന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് അല്ലെങ്കിൽ കത്തിക്കുന്നതിനുള്ള പെർമിറ്റിന് അപേക്ഷിക്കുന്നതിന് ദയവായി **my.armadale.wa.gov.au/service/bushfire-and-emergency/burning-restrictions-and-hazard-reduction-burns** സന്ദർശിക്കുക





## ക്യാമ്പിംഗ്, പാചക തീപിടുത്തങ്ങൾ

### ജ്വാലയെ ഉപകരണം തന്നെ പൊതിയുന്നതായ ഗ്യാസ്, ഇലക്ട്രിക് ബാർബിക്യൂകൾ

- ✅ വർഷം മുഴുവനും ഉപയോഗിക്കാം

### ഖര ഇന്ധന ബാർബിക്യൂകൾ, പിസ്സ അവനുകൾ, സ്മോക്കറുകൾ

- ✅ നിയന്ത്രണമില്ലാത്തതും നിയന്ത്രിതവുമായ കത്തിക്കൽ സമയങ്ങളിൽ മാത്രമേ ഉപയോഗിക്കാൻ കഴിയൂ - ഏപ്രിൽ 1 മുതൽ നവംബർ 30 വരെ
- ❌ നിരോധിത കത്തിക്കൽ സമയത്ത് ഉപയോഗിക്കാൻ പാടില്ല - ഡിസംബർ 1 മുതൽ മാർച്ച് 31 വരെ
- ❌ തീപിടുത്ത അപായ റേറ്റിംഗ് (Fire Danger Rating) ഉയർന്നത് (High) അല്ലെങ്കിൽ അതിനു മുകളിൽ ആയിരിക്കുമ്പോൾ ഉപയോഗിക്കാൻ പാടില്ല
- ❌ സമ്പൂർണ തീ നിരോധനം (Total Fire Ban) അല്ലെങ്കിൽ വിളവെടുപ്പും വാഹന ഗതാഗത നിരോധനവും (Harvest and Vehicle Movement Ban) പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഉപയോഗിക്കാനാവില്ല

നിങ്ങളുടെ പാചക ഉപകരണങ്ങൾക്ക് ചുറ്റുമുള്ള ഭാഗത്ത് തീപിടിക്കുന്ന വസ്തുക്കളിൽ നിന്ന് എല്ലായ്പ്പോഴും അഞ്ച് (5) മീറ്റർ അകലവും സമീപത്ത് ഒരു ജലസ്രോതസ്സും ഉണ്ടായിരിക്കണം. ശല്യപ്പെടുത്തുന്ന പുക ഒഴിവാക്കാൻ മുൻകരുതലുകൾ എടുക്കണം.

## ഫയർ പിറ്റുകൾ, ചിമ്മിനികൾ, ബ്രേസിയറുകൾ

- ✅ നിയന്ത്രണമില്ലാത്തതും നിയന്ത്രിതവുമായ കത്തിക്കൽ സമയങ്ങളിൽ മാത്രമേ ഉപയോഗിക്കാൻ കഴിയൂ - ഏപ്രിൽ 1 മുതൽ നവംബർ 30 വരെ
- ✅ എല്ലാ വലിപ്പത്തിലുള്ള ഭൂമിയിലും അനുവദനീയമാണ്
- ❌ നിരോധിത കത്തിക്കൽ സമയത്ത് ഉപയോഗിക്കാൻ പാടില്ല - ഡിസംബർ 1 മുതൽ മാർച്ച് 31 വരെ
- ❌ തീപിടുത്ത അപായ റേറ്റിംഗ് (Fire Danger Rating) ഉയർന്നത് (High) അല്ലെങ്കിൽ അതിനു മുകളിൽ ആയിരിക്കുമ്പോൾ ഉപയോഗിക്കാൻ പാടില്ല
- ❌ സമ്പൂർണ തീ നിരോധനം (Total Fire Ban) അല്ലെങ്കിൽ വിളവെടുപ്പും വാഹന ഗതാഗത നിരോധനവും (Harvest and Vehicle Movement Ban) പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഉപയോഗിക്കാനാവില്ല

തീപിടിക്കുന്ന വസ്തുക്കളിൽ നിന്ന് അഞ്ച് (5) മീറ്റർ അകലവും സമീപത്ത് ഒരു ജലസ്രോതസ്സും ഉണ്ടെന്ന് ദയവായി ഉറപ്പാക്കുക. ശല്യപ്പെടുത്തുന്ന പുക ഒഴിവാക്കാൻ മുൻകരുതലുകൾ എടുക്കണം.




**മിതമായത് (MODERATE)**
**ആസൂത്രണം ചെയ്ത് തയ്യാറെടുക്കുക**

**ഉയർന്നത്**
**പ്രവർത്തിക്കാൻ തയ്യാറെടുക്കുക**

**തീവ്രമായത്**
**ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഇപ്പോൾ പ്രവർത്തിക്കുക**

**ദുരന്തമായത്**
**നിങ്ങളുടെ അതിജീവനത്തിനായി കാട്ടുതീ സാധ്യതയുള്ള പ്രദേശങ്ങൾ ഉപേക്ഷിച്ച് പോവുക.**

City of Armadale സ്വാൻ ഇൻലാൻഡ് സൗത്ത് (ആൽബാനി ഹൈവേയ്ക്കും സൗത്ത് വെസ്റ്റേൺ ഹൈവേയ്ക്കും കിഴക്കുള്ള ഭാഗം) സ്വാൻ കോസ്റ്റൽ സൗത്ത് (ആൽബാനി ഹൈവേയ്ക്കും സൗത്ത് വെസ്റ്റേൺ ഹൈവേയ്ക്കും പടിഞ്ഞാറുള്ള ഭാഗം) എന്നീ രണ്ട് ഫയർ വെതർ ജില്ലകൾക്ക് ഉള്ളിലാണ് ഉൾപ്പെട്ടിരിക്കുന്നത്. www.emergency.wa.gov.au സന്ദർശിച്ച് നിങ്ങളുടെ വസ്തുവിന്റെ ദൈനംദിന തീപിടുത്ത അപായ റേറ്റിംഗുകളും തീപിടുത്ത അപായ റേറ്റിംഗുകളെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങളും കണ്ടെത്താനാകും



## സമ്പൂർണ തീ നിരോധനങ്ങൾ

തീപിടിത്തം ജീവനും സ്വത്തിനും ഭീഷണിയാകാൻ സാധ്യതയുള്ള ദിവസങ്ങളിൽ ഫയർ ആൻഡ് എമർജൻസി സർവീസസ് വകുപ്പ് (Department of Fire and Emergency Services) ഒരു സമ്പൂർണ തീ നിരോധനം (Total Fire Ban) പ്രഖ്യാപിക്കുന്നു. ഇത് പ്രവചിക്കപ്പെട്ടിരിക്കുന്ന തീവ്രമായ തീപിടുത്ത കാലാവസ്ഥ മൂലമോ അല്ലെങ്കിൽ ഇതിനകം വ്യാപകമായ തീപിടുത്തങ്ങൾ ഉണ്ടാവുകയും അഗ്നിശമന വിഭവങ്ങൾ ദുർലഭമാവുകയും ചെയ്യുമ്പോഴോ ആണ്.

സമ്പൂർണ തീ നിരോധന ദിനത്തിൽ, തുറസ്സായ സ്ഥലത്ത് തീ കത്തിക്കുന്നത് അല്ലെങ്കിൽ തീ പിടിക്കാൻ സാധ്യതയുള്ള ഏതെങ്കിലും പ്രവർത്തനം നടത്തുന്നത് നിയമവിരുദ്ധമാണ്. തീപിടുത്തം ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ വ്യവസ്ഥകൾ പാലിക്കുന്നിടത്തോളം, ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പ്രവർത്തനങ്ങൾക്ക് ബിസിനസുകൾ, പൊതു അധികാരികൾ അല്ലെങ്കിൽ വ്യവസായങ്ങൾ എന്നിവയ്ക്ക് ഇളവ് നൽകിയേക്കാവുന്നതാണ്.



## വിളവെടുപ്പും വാഹന ഗതാഗത നിരോധനവും

തീപിടിക്കുന്ന വസ്തുക്കൾ, ഉണങ്ങിയ പുല്ല്, വൈക്കോൽ അല്ലെങ്കിൽ കുറ്റിക്കാടുകൾക്ക് സമീപം എഞ്ചിൻ, വാഹനം, പ്ലാന്റ്, ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് City of Armadale ഒരു വിളവെടുപ്പും വാഹന ഗതാഗത നിരോധനവും (Harvest and Vehicle Movement Ban (HVMB) പുറപ്പെടുവിക്കുന്നതാണ്. ഇത് തീപിടുത്ത കാലാവസ്ഥാ സാഹചര്യങ്ങളിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുന്നു.

സമ്പൂർണ തീ നിരോധനങ്ങൾ പ്രഖ്യാപിക്കുന്നത് ദിവസത്തിന് മുഴുവനുമായിട്ടാണെങ്കിൽ HVMB-കൾ സാധാരണയായി ദിവസത്തിലെ ഏറ്റവും ചൂടേറിയ സമയത്ത് മാത്രമേ പ്രാബല്യത്തിലുണ്ടായിരിക്കൂ, കാലാവസ്ഥാ സാഹചര്യങ്ങൾ മാറിയാൽ സിറ്റിക്ക് നിരോധനം നീട്ടാനോ റദ്ദാക്കാനോ കഴിയും.

സമ്പൂർണ തീ നിരോധനങ്ങൾ (Total Fire Bans), വിളവെടുപ്പ് വാഹന ഗതാഗത നിരോധനങ്ങൾ (Harvest Vehicle Movement Bans) എന്നിവയെ കുറിച്ച് കൂടുതലറിയാൻ അല്ലെങ്കിൽ ഇളവിന് അപേക്ഷിക്കാൻ, QR കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ **www.dfes.wa.gov.au/hazard-information/bushfire/total-fire-ban** സന്ദർശിക്കുക.





## അടിയന്തര കാട്ടുതീ അലേർട്ടുകളും മുന്നറിയിപ്പുകളും മനസ്സിലാക്കുക

ഓസ്ട്രേലിയൻ മുന്നറിയിപ്പ് സംവിധാനം (Australian Warning System) എന്നത് നിങ്ങൾ ഓസ്ട്രേലിയയിൽ എവിടെയായിരുന്നാലും കാട്ടുതീ സമയത്ത് സുരക്ഷിതരായിരിക്കാൻ നിങ്ങളെ സഹായിക്കുന്നതും എളുപ്പത്തിൽ മനസ്സിലാക്കാനാവുന്നതുമായ ഒരു മുന്നറിയിപ്പ് സംവിധാനമാണ്. മുന്നറിയിപ്പ് നിലകൾ, നിറങ്ങൾ, ഐക്കണുകൾ എന്നിവ അറിയുന്നത് സുരക്ഷിതരായിരിക്കാൻ നിങ്ങളെ സഹായിക്കുന്ന പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാൻ നിങ്ങളെ സഹായിക്കും.

ജീവനോ സ്വത്തിനോ ഉള്ള വർദ്ധിച്ചുവരുന്ന അപകടസാധ്യതയും, നിങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും സുരക്ഷിതമായി നിലനിർത്താൻ നിങ്ങൾ സ്വീകരിക്കേണ്ട നടപടിയും പ്രതിഫലിപ്പിക്കുന്നതിനായി മുന്നറിയിപ്പ് നില ഐക്കണുകളും നിറങ്ങളും വ്യത്യാസപ്പെടുന്നു.






### ഉപദേശം

തീ പടർന്നിട്ടുണ്ട്, പക്ഷേ ഉടനടി ആപത്തൊന്നുമില്ല. ജാഗ്രത പാലിക്കുകയും തീപിടുത്തത്തിന്റെ ലക്ഷണങ്ങൾ ഉണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്യുക

**ജാഗ്രത പുലർത്തുകയും, അപ്പ്ഡേറ്റായിരിക്കുകയും ചെയ്യുക.**



### നിരീക്ഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക

ഒരു തീപിടുത്തം അടുത്തുകൊണ്ടിരിക്കുന്നു, ജീവനോ വീടുകളോ അപകടത്തിലാകാൻ സാധ്യതയുണ്ട്. നിങ്ങളുടെ പദ്ധതി നടപ്പിലാക്കുക. താമസിക്കാനാണ് നിങ്ങളുടെ പദ്ധതി എങ്കിൽ, നിങ്ങളുടെ എല്ലാ ഉപകരണങ്ങളും തയ്യാറാണോ എന്ന് പരിശോധിക്കുക.

**നിങ്ങൾ മാനസികമായും ശാരീരികമായും തയ്യാറാണെങ്കിൽ മാത്രം അവിടെ തന്നെ തുടരുകയും പ്രതിരോധിക്കുകയും ചെയ്യുക.**



### അടിയന്തര മുന്നറിയിപ്പ്

നിയന്ത്രണാതീതമായ തീ വേഗത്തിൽ അടുത്തുവരികയാണ്, അതിജീവിക്കാൻ നിങ്ങൾ ഉടനടി നടപടിയെടുക്കേണ്ടതുണ്ട്. നിങ്ങൾ നിങ്ങളുടെ വീട് തയ്യാറാക്കിയിട്ടില്ലെങ്കിൽ വളരെ വൈകിയിരിക്കുന്നു.

**നിങ്ങൾ അഭയം തേടണം അല്ലെങ്കിൽ സ്ഥലം വിട്ടുപോകുന്നത് സുരക്ഷിതമാണെങ്കിൽ ഇപ്പോൾ തന്നെ അങ്ങനെ ചെയ്യണം.**

## ഫയർബ്രേക്കുകൾ - നിങ്ങൾക്കറിയാമോ?

അഗ്നിശമന ഉപകരണങ്ങൾക്ക് നിങ്ങളുടെ വസ്തുവിലേക്ക് സുരക്ഷിതമായി പ്രവേശിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ, ആന്തരിക ഫയർബ്രേക്കുകൾ ഇങ്ങനെയായിരിക്കണം:

- മൂന്ന് (3) മീറ്റർ വീതിയും കുറഞ്ഞത് നാല് (4) മീറ്റർ ലംബ ക്ലിയറൻസും ഉണ്ടായിരിക്കണം
- കത്തുന്ന എല്ലാ വസ്തുക്കളിൽ നിന്നും പൂർണ്ണമായും മുക്തമായ ബെയർ മിനറൽ എർത്തായി പരിപാലിക്കപ്പെടുന്നു
- വസ്തുവിന്റെ അതിരിനുള്ളിൽ പ്രായോഗികമായത്രയും ചേർത്തും എന്നാൽ അതിർത്തിയിൽ നിന്ന് പത്ത് (10) മീറ്ററിൽ കൂടുതൽ അകലമില്ലാതെയും, വസ്തുവിന്റെ മുഴുവൻ ചുറ്റളവിലും തുടരുന്നവിധവും നിർമ്മിച്ചത്
- സുരക്ഷിതമായ സ്ഥലത്തേക്ക് പുറത്തേക്ക് പോകാനുള്ള സൗകര്യമോ 17.5 മീറ്റർ ചുറ്റളവിൽ വ്യക്തമായ ഒരു ടേൺ എറൗണ്ട് ഏരിയയോ ഇല്ലാതെ ഒരു തടസ്സത്തിലേക്ക് നയിക്കരുത്
- ഫയർബ്രേക്കുകൾ 2025 നവംബർ 30-നകം സ്ഥാപിക്കുകയും 2026 മാർച്ച് 31 വരെ പരിപാലിക്കുകയും വേണം



**സ്വീകാര്യമായ ഫയർബ്രേക്ക്**



**അസ്വീകാര്യമായ ഫയർബ്രേക്ക്**

## നിങ്ങളുടെ വസ്തു പരിപാലിക്കുക

City of Armadale-ൽ, പ്രത്യേകിച്ച് കാട്ടുതീക്ക് സാധ്യതയുള്ള പ്രദേശങ്ങളുണ്ട്, വിശേഷിച്ച് കുറ്റിക്കാടുകൾക്കും പുൽമേടുകൾക്കും സമീപം. നിങ്ങളുടെ വസ്തുവിൽ ഫയർബ്രേക്കുകൾ സജ്ജീകരിച്ച് ഒരു ആസ്തി സംരക്ഷണ മേഖല നിലനിർത്തുന്നതിലൂടെ, തീപിടുത്തത്തിന്റെ വ്യാപനവും ആഘാതവും ഗണ്യമായി കുറയ്ക്കാൻ കഴിയും, അതോടൊപ്പം കൂടുതൽ ഫലപ്രദമായി പ്രതികരിക്കാൻ അടിയന്തര സേവനങ്ങളെ സഹായിക്കുകയും ചെയ്യും.

സിറ്റിയുടെ ഫയർബ്രേക്കും ആപത്ത് കുറയ്ക്കലും നോട്ടീസ് (Firebreak and Hazard Reduction Notice) പാലിക്കുന്നത് വെറുമൊരു സുരക്ഷാ നടപടി മാത്രമല്ല, പിഴയും ശിക്ഷയും ഒഴിവാക്കുന്നതിനുള്ള നിയമപരമായ ആവശ്യകത കൂടിയാണ്. അഗ്നിശമന സേനാംഗങ്ങൾ വളരെ തിരക്കിലായിരിക്കുമെന്നതിനാൽ നിങ്ങളുടെ വീടും സ്വത്തും സംരക്ഷിക്കാനായി മുന്നണിയിൽ നിന്ന് തീ നിങ്ങളുടെ വീടിനെ പ്രതിരോധിക്കാൻ അവർക്ക് കഴിയില്ല, അതിനാൽ തയ്യാറെടുക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്തമാണ്.

## ആസ്തി സംരക്ഷണ മേഖലകൾ

ഒരു ആസ്തി സംരക്ഷണ മേഖല (Asset Protection Zone (APZ) കെട്ടിടങ്ങളുടെ പുറം ഭിത്തികളിൽ നിന്ന് ഇരുപത് (20) മീറ്റർ വരെ നീളമുള്ളതായിരിക്കുകയും തീപിടുത്ത സാധ്യത കുറയ്ക്കുന്ന ഒരു ക്ലിയർ ചെയ്ത ബഫർ ആയിരിക്കുകയും വേണം. നന്നായി പരിപാലിക്കുന്ന ഒരു APZ, കാട്ടുതീ ഉണ്ടാകുമ്പോൾ കെട്ടിടങ്ങളിൽ നേരിട്ടുള്ള തീജ്വാല സമ്പർക്കം, വികിരണ താപം, തീക്കനൽ ആക്രമണം എന്നിവയുടെ സാധ്യതയും ആഘാതവും കുറയ്ക്കാൻ സഹായിക്കും. തീപിടുത്ത സീസണിലുടനീളം അവയെ ഫലപ്രദമായി നിലനിർത്താൻ പതിവ് അറ്റകുറ്റപ്പണികൾ സഹായിക്കും.

## തദ്ദേശീയ സസ്യങ്ങളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ – ഗ്രാമീണ ജീവിതവും പ്രത്യേക ഗ്രാമീണ മേഖലയും

City of Armadale നഗരാസൂത്രണ സ്കീം നമ്പർ 4 (Town Planning Scheme No.4) പ്രകാരം ഒരു ഗ്രാമീണ ജീവിതം (Rural Living) അല്ലെങ്കിൽ പ്രത്യേക ഗ്രാമീണ (Special Rural) മേഖലയായി തിരിച്ചിട്ടുള്ള വസ്തുക്കളിൽ തദ്ദേശീയ സസ്യങ്ങൾ വെട്ടിമാറ്റുന്നതിന് ഒരു പ്രത്യേക വികസന അനുമതി (Development Approval) നേടേണ്ടതുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് QR കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ **my.armadale.wa.gov.au/service/planning-and-building/planning/planning-information-sheets-forms-and-fees** സന്ദർശിക്കുക

## ബേൺ സ്മാർട്ട്

ആസൂത്രിതമായ ഒരു തീ കത്തിക്കൽ നടപ്പിലാക്കുന്നത് ഒരു പ്രധാന ഉത്തരവാദിത്തമാണ്, അതിൽ ധാരാളം തയ്യാറെടുപ്പുകൾ അടങ്ങിയിരിക്കുന്നു. തെറ്റായ സാഹചര്യങ്ങളിൽ, ആസൂത്രണം ചെയ്ത തീവയ്ക്കലുകൾ പുറത്തേക്ക് പടരുകയും ഒരു കാട്ടുതീയായി മാറുകയും ചെയ്യും. Department of Fire and Emergency Services രണ്ട് ഹെക്ടറോ അതിൽ കുറവോ ഭൂമിയുള്ള ചെറുകിട ഭൂവുടമകളെ ലക്ഷ്യം വച്ച് ബേൺ സ്മാർട്ട് (Burn SMART) വിഭവങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

വിലപ്പെട്ട നുറുങ്ങുകൾക്കും വിഭവങ്ങൾക്കും QR കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ **www.dfes.wa.gov.au/hazard-information/bushfire/planned-burning** സന്ദർശിക്കുക




## ഒരു കാട്ടുതീ തടയൽ പദ്ധതി തയ്യാറാക്കുക

പടിഞ്ഞാറൻ ഓസ്ട്രേലിയയുടെ 90% ത്തിലധികവും കാട്ടുതീ സാധ്യതയുള്ളതാണ്, എപ്പോൾ വേണമെങ്കിലും കാട്ടുതീ ആരംഭിക്കാം. നിങ്ങൾ ഒരു പ്രാദേശിക പ്രദേശത്തോ, പ്രാന്തപ്രദേശങ്ങളിലോ, നഗരത്തിന്റെ ഉൾഭാഗത്തോ താമസിക്കുന്നവരായാലും, എല്ലാവരും തയ്യാറായിരിക്കണം.

ഒരു കാട്ടുതീ പ്ലാൻ തയ്യാറാക്കാൻ വെറും 15 മിനിറ്റ് മാത്രമേ എടുക്കൂ, നിങ്ങളെയും നിങ്ങളുടെ ഭവനത്തെയും സുരക്ഷിതമായി സൂക്ഷിക്കാനുള്ള ഏറ്റവും നല്ല മാർഗമാണിത്.

തയ്യാറായിരിക്കുക, **mybushfireplan.wa.gov.au** സന്ദർശിക്കുക






**ആർമഡേൽ നഗരത്തിനുള്ളിലെ എല്ലാ ഉടമകൾക്കും/നിവാസികൾക്കും.**

**നിങ്ങളുടെ വസ്തു 2025 ഡിസംബർ 1-നകം ഈ ഫയർബ്രേക്ക് ആൻഡ് ഹസാർഡ് റിഡക്ഷൻ നോട്ടീസിലെ ആവശ്യകതകൾ അനുവർത്തിക്കുകയും 2026 മാർച്ച് 31 വരെ പരിപാലിക്കുകയും വേണം.**

## ബുഷ് ഫയർ ആക്ട് 1954

**1954 ലെ ബുഷ് ഫയർ ആക്ടിന്റെ (*Bush Fires Act 1954*) സെക്ഷൻ 33(1) അനുസരിച്ച്, City of Armadale-നുള്ളിലെ എല്ലാ ഭൂമി ഉടമകളും/അല്ലെങ്കിൽ കൈവശക്കാരും ഈ നോട്ടിസിലെ ആവശ്യങ്ങൾക്കനുസൃതമായി കാട്ടുതീ പൊട്ടിപ്പുറപ്പെടുകയോ പടരുകയോ വ്യാപിക്കുകയോ ചെയ്യുന്നത് തടയുന്നതിനായി, 2025 നവംബർ 30-ാം തീയതിക്കോ അതിനു മുമ്പോ, അല്ലെങ്കിൽ ഭൂമിയുടെ ഉടമയോ കൈവശക്കാരനോ ആയിത്തീർന്നത് 2025 നവംബർ 30-ാം തീയതിക്ക് ശേഷമാണെങ്കിൽ പതിനാല് ദിവസത്തിനുള്ളിലും തീ തടയൽ പ്രവർത്തനങ്ങൾ നടത്തണമെന്നും, 2026 മാർച്ച് 31-ാം തീയതി വരെ ആവശ്യമായ തീപിടുത്ത പ്രതിരോധ പ്രവർത്തനങ്ങൾ പരിപാലിക്കണമെന്നും ഇതിനാൽ അറിയിപ്പ് നൽകുന്നു.**

## നിർവചനങ്ങൾ

**അധികാരപ്പടുത്തപ്പെട്ട ഉദ്യോഗസ്ഥൻ (Authorised Officer)** എന്നാൽ City of Armadale ഒരു കാട്ടുതീ നിയന്ത്രണ ഓഫീസറായി (Bush Fire Control Officer) നിയമിച്ച ഒരു ജീവനക്കാൻ എന്നാണ് അർത്ഥമാക്കുന്നത്.



**കാട്ടുതീ മാനേജ്മെന്റ്പ്ലാൻ (Bushfire Management Plan) (BMP)** എന്നാൽ *State Planning Policy 3.7* (*സംസ്ഥാന ആസൂത്രണ നയം 3.7*) അനുസരിച്ച് വികസിപ്പിച്ചെടുത്തതും ജില്ലയിലെ ഒരു പ്രത്യേക സബ്ഡിവിഷനിലോ, സ്ഥലത്തോ, മറ്റേതെങ്കിലും പ്രദേശത്തോ ഉള്ള തീപിടുത്ത അപകടങ്ങൾ കുറയ്ക്കുന്നതിനും ലഘൂകരിക്കുന്നതിനുമായി City of Armadale അംഗീകരിച്ചതുമായ ഒരു പദ്ധതിയാണ്.

**ഡ്രൈവ്വേ (Driveway)** എന്നാൽ പരമ്പരാഗത ഇരുചക്ര വാഹനങ്ങൾക്കും അഗ്നിശമന ഉപകരണങ്ങൾക്കും പ്രവേശിക്കാൻ കഴിയുന്നതും കത്തുന്ന വസ്തുക്കളോ മറ്റ് വസ്തുക്കളോ ഇല്ലാത്തതുമായ വാസയോഗ്യമായ കെട്ടിടത്തിലേക്കുള്ള പ്രവേശന കേന്ദ്രമാണ്.

**ഫയർബ്രേക്ക് (Firebreak)** എന്നാൽ ഗതാഗതയോഗ്യമായ ഒരു പ്രതലത്തിലേക്ക് നിർമ്മിച്ചതും കന്നി ധാതു മണ്ണ് അവശേഷിപ്പിക്കുന്നതും കത്തുന്ന എല്ലാ വസ്തുക്കളും പൂർണ്ണമായും നീക്കം ചെയ്തതുമായ ഒരു പ്രദേശമാണ്. ഫയർബ്രേക്ക് ഏരിയയുടെ ലംബ അച്ചുതണ്ടിലേക്ക് അതിക്രമിച്ചു കയറുന്ന ജീവനുള്ളതോ നശിച്ചതോ ആയ മരങ്ങൾ, കുറ്റിച്ചെടികൾ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വസ്തുക്കൾ വെട്ടിമാറ്റുന്നതും ഇതിൽ ഉൾപ്പെടുന്നു. അത്തരം ഫയർബ്രേക്കുകൾ താഴെപ്പറയുന്ന ഒന്നോ അതിലധികമോ രീതികളിലൂടെ നിർമ്മിക്കാം: ഉഴുതുമറിക്കൽ, കൃഷി, സ്കാർഫൈയിംഗ്, റാക്കിംഗ്, കത്തിക്കൽ, രാസവസ്തുക്കൾ തളിക്കൽ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അംഗീകരിച്ച മറ്റ് രീതികൾ.  ഫയർബ്രേക്കിന് പകരം റെറ്റിക്യുലേറ്റ് ചെയ്തതും പരിപാലിക്കപ്പെടുന്നതുമായ പച്ച പുൽത്തകിടി സ്വീകരിക്കാവുന്നതാണ്.

ഫയർ മാനേജ്മെന്റ്പ്ലാൻ **(Fire Management Plan)** എന്നതിന് കാട്ടുതീ മാനേജ്മെന്റ്പ്ലാനിന്റെ അതേ അർത്ഥമാണ് ഉള്ളത്.

**തീപിടിക്കുന്ന വസ്തു (Flammable Matter)** എന്നാൽ ഏതെങ്കിലും വൃക്ഷം, കുറ്റിച്ചെടി, ചെടി, കരിയില, പുല്ല്, ധാതുക്കൾ, പച്ചക്കറികൾ, പദാർത്ഥം, വസ്തു അല്ലെങ്കിൽ സാധനം (കൃഷി ചെയ്യുന്ന ജീവനുള്ള മരങ്ങൾ, കുറ്റിച്ചെടികൾ, സസ്യങ്ങൾ, പുൽത്തകിടികൾ എന്നിവ ഒഴികെ) അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ ജ്വലിക്കാൻ കഴിവുള്ളതായി കരുതുന്ന, തീ പിടിക്കാനോ കത്താനോ സാധ്യതയുള്ള മറ്റേതെങ്കിലും വസ്തു എന്നാണ് അർത്ഥമാക്കുന്നത്.

**ഇന്ധന ഡിപ്പോ / ഇന്ധന സംഭരണ മേഖല (Fuel Depot / Fuel Storage Area)** എന്നാൽ ഇന്ധനം (അതായത് പെട്രോൾ, ഡീസൽ, മണ്ണെണ്ണ അല്ലെങ്കിൽ മറ്റേതെങ്കിലും ഹൈഡ്രോകാർബൺ ദ്രാവകം) സൂക്ഷിച്ചിരിക്കുന്ന ഭൂമിയുടെയോ കെട്ടിടത്തിന്റെയോ ഘടനയുടെയോ ഒരു പ്രദേശം എന്നാണ് അർത്ഥമാക്കുന്നത്. സംഭരിക്കുന്ന ഇന്ധനത്തിന്റെ അളവ് *Australian Standard AS1940* തീപിടിക്കുന്നതും കത്തിജ്ജ്വലിക്കുന്നതുമായ ദ്രാവകങ്ങളുടെ സംഭരണവും കൈകാര്യം ചെയ്യലും (The storage and handling of flammable and combustible liquids)-ന്റെ പട്ടിക 2.1 പ്രകാരം “ചെറിയ സംഭരണ അളവുകൾ” ആയി കണക്കാക്കപ്പെടുന്നിടത്ത് ഒഴികെ.

**വാസയോഗ്യമായ കെട്ടിടം (Habitable Building)** എന്നാൽ ഒരു വാസസ്ഥലം, ജോലിസ്ഥലം, ഒത്തുചേരൽ സ്ഥലം അല്ലെങ്കിൽ യോഗ സ്ഥലം എന്നാണ് അർത്ഥമാക്കുന്നത്, ഇതിൽ *ഓസ്ട്രേലിയയിലെ ബിൽഡിംഗ് കോഡിന്റെ (Building Code of Australia)* 1-9 വിഭാഗങ്ങൾ അനുസരിച്ച് മൊത്തവ്യാപാരത്തിനായി സാധനങ്ങളോ ഉൽപ്പന്നങ്ങളോ സംഭരിക്കുന്നതിനോ പ്രദർശിപ്പിക്കുന്നതിനോ ഉപയോഗിക്കുന്ന ഒരു കെട്ടിടവും ഉൾപ്പെടുന്നു.

**വയ്ക്കോൽ കൂന (Haystack)** എന്നാൽ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വലിപ്പമുള്ള (ഉദാ: അഞ്ച് (5) മീറ്റർ x അഞ്ച് (5) മീറ്റർ x നാല് (4) മീറ്റർ), ഒരു ഷെഡിലോ മറ്റ് ഘടനയിലോ തുറന്ന സ്ഥലത്തോ സ്ഥാപിച്ചതോ അടുക്കി വച്ചതോ ആയ വയ്ക്കോലിന്റെ ശേഖരം എന്നാണ് അർത്ഥമാക്കുന്നത്.

**ഗതാഗതയോഗ്യം (Trafficable)** എന്നാൽ ഒരു നാല് വീൽ ഡ്രൈവ് അഗ്നിശമന ഉപകരണത്തിൽ ഒരു പോയിന്റിൽ നിന്ന് മറ്റൊന്നിലേക്ക് വ്യക്തമായ പ്രതലത്തിൽ, അത്തരം അഗ്നിശമന ഉപകരണങ്ങളെ അപകടത്തിലാക്കുന്ന തടസ്സങ്ങളൊന്നുമില്ലാതെ സഞ്ചരിക്കാൻ കഴിയുന്നത് എന്നാണ്. ഒരു ഫയർബ്രേക്ക് സുരക്ഷിതമായ സ്ഥലത്തേക്ക് പുറത്തേക്ക് കടക്കാനോ 17.5 മീറ്റർ ചുറ്റളവിൽ വ്യക്തമായ ഒരു ടേൺ എറൗണ്ട് ഏരിയ സ്ഥാപിക്കാനോ ഉള്ള സൗകര്യമില്ലാതെ അവസാനിപ്പിക്കുകയോ ഒരു തടസ്സത്തിലേക്ക് നയിക്കുകയോ ചെയ്യരുത്.

**ലംബ അക്ഷം (Vertical Axis)** എന്നതുകൊണ്ട് ഫയർബ്രേക്കിന്റെ തിരശ്ചീന രേഖയിലേക്ക് ലംബ കോണിൽ തുടർച്ചയായി ലംബമായി തടസ്സമില്ലാത്ത ഒരു രേഖ എന്നാണ് അർത്ഥമാക്കുന്നത്.

**കാട്ടുതീ പ്രതിരോധ ആവശ്യകതകൾ**

1. **5,000 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള എല്ലാ ഭൂമിയും**
    a. മൂന്ന് (3) മീറ്റർ വീതിയുള്ള നാല് (4) മീറ്റർ ഉയരമുള്ള ലംബ അക്ഷമുള്ള ഒരു ഫയർബ്രേക്ക്, വസ്തു അതിർത്തിക്കുള്ളിൽ കഴിയുന്നത്ര അടുത്തായി നിർമ്മിക്കുകയും പരിപാലിക്കുകയും വേണം, എന്നാൽ വസ്തുവിന്റെ മുഴുവൻ ചുറ്റളവിലും അതിർത്തിയിൽ നിന്ന് പത്ത് (10) മീറ്ററിൽ കൂടുതൽ അകലത്തിൽ പാടില്ല; കൂടാതെ
    b. ഭൂമിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ ഔട്ട്ബിൽഡിംഗുകൾ, ഷെഡുകൾ, വൈക്കോൽ കൂനകൾ, കെട്ടിടങ്ങളുടെ കൂട്ടങ്ങൾ എന്നിവയ്ക്ക് ചുറ്റും മൂന്ന് (3) മീറ്റർ വീതിയുള്ള നാല് (4) മീറ്റർ ഉയരമുള്ള ലംബ അക്ഷമുള്ള ഒരു ഫയർബ്രേക്ക് നിർമ്മിക്കുകയും പരിപാലിക്കുകയും വേണം; കൂടാതെ
    c. നാല് (4) മീറ്റർ ഉയരമുള്ള ലംബ അക്ഷമുള്ള മൂന്ന് (3) മീറ്റർ വീതിയുള്ള ഡ്രൈവ്‌വേ സ്ഥാപിക്കുകയും പരിപാലിക്കുകയും വേണം; കൂടാതെ
    d. വാസയോഗ്യമായ എല്ലാ കെട്ടിടങ്ങളുടെയും ഓടകൾ, മേൽക്കൂരകൾ, ചുമരുകൾ എന്നിവ കത്തുന്ന വസ്തുക്കളില്ലാതെ പരിപാലിക്കണം.
2. **5,000 ചതുരശ്ര മീറ്റർ അല്ലെങ്കിൽ അതിൽ താഴെയുള്ള എല്ലാ ഭൂമിയും**
    a. മുഴുവൻ വസ്തുവിലുമുള്ള എല്ലാ കത്തുന്ന വസ്തുക്കളും (ഇതിൽ ജീവനുള്ള മരങ്ങൾ, കുറ്റിച്ചെടികൾ, സസ്യങ്ങൾ, കൃഷി ചെയ്യുന്ന റെറ്റിക്യുലേറ്റഡ് പുൽത്തകിടികൾ എന്നിവ ഉൾപ്പെടുന്നില്ലെന്ന് ശ്രദ്ധിക്കുക) കുറയ്ക്കുകയും അഞ്ച് (5) സെന്റീമീറ്ററിൽ താഴെ ഉയരത്തിൽ നിലനിർത്തുകയും വേണം; കൂടാതെ,
    b. നാല് (4) മീറ്റർ ലംബ അക്ഷത്തോടു കൂടി മൂന്ന് (3) മീറ്റർ വീതിയുള്ള ഡ്രൈവ്‌വേ സ്ഥാപിക്കുകയും നിലനിർത്തുകയും വേണം; കൂടാതെ
    c. വാസയോഗ്യമായ എല്ലാ കെട്ടിടങ്ങളുടെയും ഓടകൾ, മേൽക്കൂരകൾ, ചുമരുകൾ എന്നിവ കത്തുന്ന വസ്തുക്കളില്ലാതെ പരിപാലിക്കണം.
3. **ഇന്ധന ഡിപ്പോ/ഇന്ധന സംഭരണ മേഖലകൾ**
    a. ഇന്ധന ഡിപ്പോ / ഇന്ധന സംഭരണ മേഖലയ്ക്കുള്ളിലെ എല്ലാ കത്തുന്ന വസ്തുക്കളും നീക്കം ചെയ്ത് കന്നി ധാതു മണ്ണ് അവശേഷിപ്പിക്കണം; കൂടാതെ
    b. ഇന്ധന ഡിപ്പോ / ഇന്ധന സംഭരണ മേഖലയ്ക്ക് ചുറ്റും മൂന്ന് (3) മീറ്റർ വീതിയുള്ള നാല് (4) മീറ്റർ ലംബ അക്ഷമുള്ള ഒരു ഫയർബ്രേക്ക് സ്ഥാപിക്കുകയും പരിപാലിക്കുകയും വേണം.
4. **ആപത്ത് കുറയ്ക്കൽ**

    ഈ നോട്ടീസിലെ ആവശ്യകതകൾ വ്യക്തിഗത സ്വത്തുക്കളെ മാത്രമല്ല, ജില്ലയെ മൊത്തത്തിൽ സംരക്ഷിക്കുന്നതിനും, തീ പ്രതിരോധ പ്രവർത്തനങ്ങൾക്കുമുള്ള ഏറ്റവും കുറഞ്ഞ ആവശ്യകതയായി കണക്കാക്കുന്നു.

    *1954-ലെ ബുഷ് ഫയർ ആക്ടിന്റെ (Bush Fires Act 1954)* സെക്ഷൻ 33 അനുസരിച്ച്, ഒരു അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ, കാട്ടുതീ പൊട്ടിപ്പുറപ്പെടുന്നതിനും/അല്ലെങ്കിൽ വ്യാപിക്കുന്നതിനും അനുകൂലമായേക്കാവുന്ന ഭൂമിയിലെ ഏതൊരു അപകടവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് വ്യക്തിഗത ഭൂവുടമകൾക്ക് ഒരു പ്രത്യേക സ്പെഷ്യൽ വർക്ക്സ് നോട്ടീസ് (Special Works Notice) നൽകാവുന്നതാണ്.
5. **ഫയർബ്രേക്കുകളും ആപത്ത് കുറയ്ക്കലും നോട്ടീസിലെ ആവശ്യകതകൾ വ്യത്യാസപ്പെടുത്തുന്നതിനുള്ള അപേക്ഷ.**

    ഈ നോട്ടിസിലെ ആവശ്യകതകൾ പാലിക്കുന്നത് ഏതെങ്കിലും കാരണത്താൽ അപ്രായോഗികമാണെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ, അഗ്നി പ്രതിരോധത്തിനുള്ള മറ്റ് രീതികൾ ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി അഭ്യർത്ഥിച്ചുകൊണ്ട്, City of Armadale,-നോ അതിന്റെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർക്കോ **2025 ഒക്ടോബർ 1-ന് മുമ്പ് രേ**ഖാമൂലം അപേക്ഷിക്കാവുന്നതാണ്. സിറ്റി അതിന് അനുമതി നൽകിയിട്ടില്ലെങ്കിൽ, ഈ അറിയിപ്പിലെ ആവശ്യകതകൾ നിങ്ങൾ പാലിക്കണം.

    ചില സന്ദർഭങ്ങളിൽ, പാറക്കെട്ടുകൾ പോലുള്ള സ്വാഭാവിക പ്രകൃതി സവിശേഷതകൾ, പ്രകൃതിദത്ത ജലസ്രോതസ്സുകൾ അല്ലെങ്കിൽ റെറ്റിക്യുലേറ്റഡ് ഗാർഡനുകൾ, പുൽത്തകിടികൾ അല്ലെങ്കിൽ ഡ്രൈവ്‌വേകൾ പോലുള്ള ലാൻഡ്‌സ്കേപ്പിംഗ് എന്നിവ ഫയർബ്രേക്കിന് സ്വീകാര്യമായ ബദലായേക്കാം.

    അംഗീകരിക്കപ്പെട്ടാൽ, ഫയർബ്രേക്ക് ആൻഡ് ഹസാർഡ് റിഡക്ഷൻ നോട്ടീസിലെ എല്ലാ അംഗീകൃത വ്യതിയാനങ്ങളുടെയും ആവശ്യകതകൾ 2025 നവംബർ 30-ാം തീയതിയിലോ അതിനുമുമ്പോ (അല്ലെങ്കിൽ ആ തീയതിക്ക് ശേഷമാണ് നിങ്ങൾ ഉടമയോ താമസക്കാരനോ ആയതെങ്കിൽ, ആയതിന് 14 ദിവസത്തിനുള്ളിൽ) സ്ഥാപിക്കേണ്ടതാണ് കൂടാതെ 2026 മാർച്ച് 31-ാം തീയതി ഉൾപ്പെടെ അന്നു വരെയും അത് നിലനിർത്തുകയും വേണം.

    കുറിപ്പ്: ഫയർബ്രേക്ക് ഇളവുകളൊന്നും നൽകില്ല. ഫയർബ്രേക്ക് ഇൻസ്റ്റാളേഷനായി ഒരു ബദൽ സ്ഥലം ആവശ്യമുണ്ടെങ്കിൽ, ദയവായി ഒരു വ്യതിയാനത്തിന് അപേക്ഷിക്കുക.
6. **കാട്ടുതീ മാനേജ്മെന്റ് പ്ലാനുകൾ**

    വികസന അംഗീകാരത്തിന്റെയോ സബ്ഡിവിഷൻ അംഗീകാരത്തിന്റെയോ ഭാഗമായി ഒരു വ്യക്തിഗത വസ്തുവിനോ വസ്തുക്കളുടെ ഒരു ഗ്രൂപ്പിനോ ഒരു അംഗീകൃത കാട്ടുതീ മാനേജ്മെന്റ് പ്ലാൻ (Bushfire Management Plan) (BMP), നിലവിലുണ്ടെങ്കിൽ, ആ വസ്തുക്കളുടെ ഉടമകളും കൂടാതെ/ അല്ലെങ്കിൽ കൈവശക്കാരും ആ BMPയുടെ ആവശ്യകതകളും ഉത്തരവാദിത്തങ്ങളും പൂർണ്ണമായും പാലിക്കേണ്ടതാണ്. ചില BMP-കൾ ഈ നോട്ടീസ് അനുവർത്തിക്കേണ്ടതും ആവശ്യമായേക്കാം.

    നിങ്ങളുടെ BMP-യുടെ ഒരു പകർപ്പ് ആവശ്യമുണ്ടെങ്കിൽ, (08) 9394 5000 എന്ന നമ്പറിൽ സിറ്റിയുടെ ഉപഭോക്തൃ സേവന ടീമുമായി ബന്ധപ്പെടുക.
7. **അസറ്റ് പ്രൊട്ടക്ഷൻ സോൺ (APZ) വിലയിരുത്തലുകൾ**

    ഒരു വികസന പ്രയോഗത്തിന്റെ ഭാഗമായി *ഓസ്ട്രേലിയൻ സ്റ്റാൻഡേർഡ് 3959 (Australian Standard 3959)* അനുസരിച്ച് ഒരു അംഗീകൃത ആസ്തി സംരക്ഷണ മേഖല (Asset Protection Zone (APZ) വികസിപ്പിച്ചിട്ടുണ്ടെങ്കിൽ, ഈ നോട്ടീസിൽ അടങ്ങിയിരിക്കുന്ന ആവശ്യകതകൾക്ക് പുറമേ APZ വിലയിരുത്തലിന്റെ ആവശ്യകതകളും പാലിക്കേണ്ടതുണ്ട്.
8. **ശിക്ഷകൾ**

    ഈ നോട്ടീസിലെ ആവശ്യങ്ങൾ പാലിക്കാതിരിക്കുന്നത് അല്ലെങ്കിൽ അവഗണിക്കുന്നത് ഒരു കുറ്റമാണ്, കൂടാതെ $5000 വരെ പിഴ ഈടാക്കുന്നതിന് കാരണമാവുകയും ചെയ്യും.

കൂടാതെ, ഈ നോട്ടീസിലെ ആവശ്യങ്ങൾ ഇതിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ പാലിക്കപ്പെടുന്നില്ല എങ്കിൽ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ, സേവകർ, തൊഴിലാളികൾ, കോൺട്രാക്ടർമാർ, വാഹനങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ (ഉദ്യോഗസ്ഥർക്ക് ഉചിതമെന്ന് തോന്നുന്നത്) എന്നിവയ്ക്ക് ഭൂമിയിൽ പ്രവേശിച്ച് ഈ നോട്ടീസിലെ ആവശ്യങ്ങൾ നിറവേറ്റാവുന്നതും, അതിനുണ്ടായ വിലകളുടെയും ചെലവുകളുടെയും തുക ഭൂമിയുടെ ഉടമ കൂടാതെ/അല്ലെങ്കിൽ കൈവശക്കാരൻ എന്ന നിലയിൽ, നിങ്ങളിൽ നിന്ന് ഈടാക്കാവുന്നതുമാണ്.

City of Armadale-ന്റെ ഉത്തരവ് പ്രകാരം

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**Joanne Abbiss**




# 000
## അടിയന്തര കോൾ

**എല്ലാ തീപിടുത്തങ്ങളും ജീവന് ഭീഷണിയായ അടിയന്തര സാഹചര്യങ്ങളും അറിയിക്കാൻ 000 ഡയൽ ചെയ്യുക.**

### Department of Fire and Emergency Services (DFES)

| | |
|---|---|
| എമർജൻസി ഇൻഫർമേഷൻ ലൈൻ | **13 3337 (13 DFES)** |
| അലേർട്ടുകളും മുന്നറിയിപ്പുകളും | **13 3337 (13 DFES)** |
| സമ്പൂർണ തീ നിരോധന വിവരങ്ങൾ | **1800 709 355** |

### City of Armadale

| | |
|---|---|
| കത്തിക്കാനുള്ള അനുമതി, ഫയർബ്രേക്ക് ആവശ്യകതകൾ, വ്യതിയാനങ്ങൾ, പരിശോധനകൾ | **9394 5000** |

### തീ കൊടുക്കുന്നതിന് മുമ്പ് നിങ്ങളുടെ കത്തിക്കൽ രജിസ്റ്റർ ചെയ്യുക.

| | |
|---|---|
| DFES | **9395 9209** |
| City of Armadale | **9394 5900** |

| | |
|---|---|
| **സ്റ്റേറ്റ് എമർജൻസി സർവീസ് (State Emergency Service)** | **13 25 00** |
| **വെസ്റ്റേൺ പവർ (Western Power) അടിയന്തര സാഹചര്യങ്ങൾ** | **13 13 51** |
| **City of Armadale – ആഫ്റ്റർ അവർ റേഞ്ചർ** | **1300 886 885** |

### എമർജൻസി Emergency WA

അടിയന്തര മുന്നറിയിപ്പുകൾ, അപകട അപ്ഡേറ്റുകൾ, തീപിടുത്ത അപായ റേറ്റിംഗുകൾ എന്നിവയെക്കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾക്ക് **www.emergency.wa.gov.au** സന്ദർശിക്കുക.

Available on the App Store

GET IT ON Google Play

CITY OF Armadale